# കേരള ഹൈക്കോടതി

ടെലിഫോൺ നം. 2393901

എറണാകുളം
കൊച്ചി: 682 031
പോസ്റ്റ് ബോക്സ് നം.26

ജെ-1(ബി)-76914/2016

തീയതി : 26/09/2016

## ലേലപ്പരസ്യം

കേരള ഹൈക്കോടതിയിലെ താഴെപ്പറയുന്ന സാധനസാമഗ്രികൾ 2016, ഒക്ടോബർ മാസം 15-ാം തീയതി (15/10/2016) രാവിലെ 11.30 ന് ഹൈക്കോടതി പരിസരത്ത് വെച്ച് ലേലം ചെയ്യപ്പെടുന്നതാണ്. പ്രസ്തുത ലേല ദിവസം ഒരു അവധി ദിവസമാണെങ്കിൽ, ആയത് നിശ്ചയിക്കപ്പെട്ട സമയത്തും സ്ഥലത്തും വെച്ച് തൊട്ടടുത്ത പ്രവൃത്തി ദിവസത്തിൽ നടത്തപ്പെടുന്നതായിരിക്കും.

സാധന സാമഗ്രികളുടെ വിശദാംശങ്ങൾ താഴെ കാണിച്ചിരിക്കുന്ന പ്രകാരമാണ്.

| ക്രമ നം. | സാധന സാമഗ്രികളുടെ വിവരണം | അളവിന്റെ എണ്ണം |
|---|---|---|
| 1 | കണ്ടെൻസർ ഫാൻ (1.6 എച്ച്.പി) | 25 എണ്ണം |
| 2 | അലുമിനിയം ഫിൻസോടുകൂടിയ കൂളിങ്ങ്കോയിൽ | 32 എണ്ണം |
| 3 | എം.എസ്. പൈപ്പ് കഷണങ്ങൾ | 860 കി. ഗ്രാം |
| 4 | ഇരുമ്പ് കഷണങ്ങൾ | 45 കി. ഗ്രാം |

ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നയാൾക്ക് അവരവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലേലം നടക്കുന്നതിന് മുമ്പായി പ്രസ്തുത സാധന സാമഗ്രികൾ കാണാനുള്ള അനുവാദം ഉണ്ടായിരിക്കുന്നതാണ്.

പ്രാബല്യത്തിലിരിക്കുന്ന നിയമങ്ങൾക്കനുസൃതമായി പ്രസ്തുത ലേലം നടത്തപ്പെടുന്നതും, ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ മുകളിൽപ്പറഞ്ഞ സാധന സാമഗ്രികളുടെ ഏറ്റവും കുറഞ്ഞ വില ഒരുമിച്ച് നിജപ്പെടുത്തുന്നതുമായിരിക്കും. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ നിരതദ്രവ്യ നിക്ഷേപമായ ₹480/- (നാനൂറ്റി എൺപത് രൂപ) ലേലദിവസം രാവിലെ 11 മണിക്ക് മുമ്പായി ഹൈക്കോടതി അക്കൗണ്ട് സെക്ഷനിൽ (ജി-1 സെക്ഷൻ) അടച്ചിരിക്കേണ്ടതും ആയതിന്റെ രസീതി ലേലസമയത്ത് ഹാജരാക്കേണ്ടതുമാകുന്നു.

കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു മുദ്രവെച്ച കവറിൽ ലേലത്തുക ഉദ്ധരിക്കുവാനും ആയത് ലേലം ചെയ്യുന്ന ആഫീസർക്ക് ലേലം ആരംഭിക്കുന്നതിന് മുമ്പ് കൈമാറുവാനും ഉള്ള അവസരം ഉണ്ടായിരിക്കുന്നതുമാണ്. ഉദ്ധരിച്ച തുകകൾ ഉൾക്കൊള്ളുന്ന പ്രസ്തുത മുദ്രവെച്ച കവറുകൾ ലേലം ഉറപ്പിക്കുന്നതിന് മുമ്പായി തുറക്കുന്നതായിരിക്കും.

ലേലത്തിന് ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊള്ളുന്നയാളിന്റെ പേരിലോ അല്ലെങ്കിൽ മുദ്രവെച്ച കവറിൽ ഉദ്ധരിച്ച തുകയ്ക്കോ - ഏതാണോ ഉയർന്ന തുക ആയതിന്മേൽ ലേലം താത്ക്കാലികമായി ഉറപ്പിക്കുന്നതും, പ്രസ്തുത ലേലം കൊണ്ട ആൾ നിരതദ്രവ്യനിക്ഷേപത്തുക കഴിച്ചുള്ള ലേലത്തുകയും നിയമാനുസൃത നികുതിയും ഉൾപ്പെടെയുള്ള സംഖ്യ ഉടനടി രൊക്കമായി നിക്ഷേപിക്കേണ്ടതുമാണ്.

ലേലം ചെയ്തുറപ്പിച്ച ആളുടേതൊഴിച്ച് മറ്റെല്ലാ ലേലപ്പങ്കാളികളുടേയും നിരതദ്രവ്യ നിക്ഷേപത്തുക ലേലശേഷം ഉടൻ മടക്കി നൽകുന്നതാണ്.

ലേലം കൊണ്ട ആൾ ലേലം ഉറപ്പിച്ച തുക നിർദ്ദിഷ്ട സമയത്തിനകം കെട്ടിവെയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, ടിയാന്റെ നിരതനിക്ഷേപം കണ്ട് കെട്ടുന്നതും, ഒരു പുനർലേലം നടത്തുമ്പോൾ ഹൈക്കോടതിയ്ക്കുണ്ടാകുന്ന നഷ്ടത്തിന് ടിയാൻ ഉത്തരവാദിയാകുന്നതുമാകുന്നു.

ലേലത്തിൽ പിടിച്ച സാധനസാമഗ്രികൾ ലേല ദിവസം മുതൽ 3 ദിവസത്തിനകം എടുത്തുകൊണ്ട് പോകേണ്ടതാണ്. അങ്ങനെചെയ്യാത്തപക്ഷം ഈ സാധന സാമഗ്രികൾ പുനർലേലം നടത്തുകയോ അല്ലെങ്കിൽ ഡെമറേജ് ഫീസ് ഈടാക്കി വിട്ടു നൽകുകയോ ചെയ്യുന്നതിനുള്ള പ്രത്യേകാവകാശം ഹൈക്കോടതിയ്ക്കായി മാറ്റിവെച്ചിട്ടുണ്ട്.

ലേലം ചെയ്യുന്ന ആഫീസർക്ക് യാതൊരു കാരണവും കാണിക്കാതെ ലേലം റദ്ദാക്കുവാനോ, അസാധുവാക്കുവാനോ, ലേലം മാറ്റിവെയ്ക്കുവാനോ ഉള്ള അധികാരമുണ്ടായിരിക്കും.

ലേലം ചെയ്യുന്ന ആഫീസർക്ക് ലേല സംബന്ധമായ എല്ലാ തരത്തിലുമുള്ള തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്. അത്തരത്തിൽ എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും.

(ഉത്തരവിൻ പ്രകാരം)

കെ.ആർ.ജയപ്രകാശ് നാരായണൻ
രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:

1. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം.
3. തഹസിൽദാർ, കണയന്നൂർ താലൂക്ക് ഓഫീസ്, എറണാകുളം.
4. ജില്ലാ ഇൻഫർമേഷൻ ആഫീസർ, എറണാകുളം.
5. പബ്ലിക് റിലേഷൻസ് ആഫീസർ, ഹൈക്കോടതി.
6. സെക്യൂരിറ്റി ആഫീസർ, ഹൈക്കോടതി.
7. ചീഫ് അക്കൗണ്ടന്റ്, ഹൈക്കോടതി.
8. സിവിൽ സർജന്റ്, ഹൈക്കോടതി.
9. ഫയൽ.